അതാത് ഭരണവകുപ്പുകൾ തന്നെയാണ്. മുകളിൽ പറഞ്ഞതിന് പുറമെ കേരള നിയമസഭ പാസ്സാക്കുന്ന ആക്റ്റുകൾ, അതിൽ കാലാകാലങ്ങളിൽ കൊണ്ടുവരുന്ന ഭേദഗതി ആക്റ്റുകൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തി കേരള കോഡ് എന്നപേരിലും നിയമ (ലെജി.പബ്ലിക്കേഷൻ) വകുപ്പിൽ നിന്ന് പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. കേരള കോഡ് പുതുതായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. കൂടാതെ നിയമവകുപ്പിന്റെ www.keralalawsect.org എന്ന web portal-ലും ലഭ്യമാണ്.

രാജ്യത്തെ നിയമങ്ങൾ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തൽ

209 (5099) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ നിയമങ്ങൾ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിനായി കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ കമ്മീഷൻ) ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) എല്ലാ കേന്ദ്ര ആക്ടുകളും മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ ;

(സി) രാജ്യത്തെ പ്രധാന ക്രിമിനൽ ആക്ടുകൾ ഈ വർഷംതന്നെ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വർഷം ഏതൊക്കെ ക്രിമിനൽ ആക്ടുകൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മീഷൻ ഈ വർഷം നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിൽ നിന്നും ലഭിക്കുന്ന മുൻഗണനാ പട്ടികപ്രകാരം കേന്ദ്ര ആക്റ്റുകൾ മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിവരുന്നു.

(സി) രാജ്യത്തെ പ്രധാന ക്രിമിനൽ ആക്റ്റുകൾ മലയാള ഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അവയുടെ സ്റ്റോക്ക് തീർന്നതിനാൽ നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്രിമിനൽ നടപടി നിയമസംഹിത 1973 ഭേദഗതികൾ ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുനഃപ്രസിദ്ധീകരണം കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കും രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കും ആയിരിക്കുന്നതാണ്.

സംസ്ഥാന ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മീഷൻ

210 (5100) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മീഷൻ എന്നാണ് രൂപീകരിച്ചത് ;

(ബി) കമ്മീഷന്റേയും കമ്മീഷൻ സ്റ്റാഫിന്റെയും ഘടനയെന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ ചുമതലകൾ എന്തെല്ലാം ;

(ഡി) പ്രസ്തുത കമ്മീഷൻ നിലവിൽ വന്നതിനുശേഷം എത്ര കേന്ദ്ര ആക്ടുകളും അതിന്റെ ചട്ടങ്ങളും നാളിതുവരെ മലയാള തർജ്ജമ ചെയ്ത് കേന്ദ്രാനുമതിയോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത നടപടി സംബന്ധിച്ച് ഓരോ വർഷത്തേയും കണക്കു വിവരം വിശദമാക്കുമോ ;

(എഫ്) പ്രസ്തുത കമ്മീഷൻ രൂപീകരിച്ചതുമുതൽ നാളിതുവരെ കമ്മീഷന്റേയും ഓഫീസിലെ ജീവനക്കാരുടേയും ചെലവിനായി ഓരോ വർഷവും ചെലവുചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ജി) കമ്മീഷന് കേന്ദ്ര സർക്കാരിൽനിന്ന് നാളിതുവരെ ഓരോ വർഷവും തർജ്ജമ ചെയ്ത വകയിൽ എന്ത് തുക റീ-ഇംബേഴ്സ്മെന്റായി ലഭിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-6-1968-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 42/68/നിയമം എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഔദ്യോഗിക ഭാഷാനിയമ നിർമ്മാണ കമ്മീഷൻ രൂപീകരിച്ചു.

(ബി) ഒരു മുഴുവൻസമയ ചെയർമാനും രണ്ട് മുഴുവൻ സമയ അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷൻ. നിയമവകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയോ സീനിയർ അഡീഷണൽ സെക്രട്ടറിയോ ആണ് ചെയർമാനായി നിയമിക്കപ്പെടുന്നത്. രണ്ട് മുഴുവൻസമയ അംഗങ്ങൾ നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറിമാരാണ്. നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനാണ് കമ്മീഷന്റെ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly